## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7634 — 23.07.2012 - ലെ മറുപടിക്ക്

### പെൻഷൻ പ്രായം ഉയർത്തിയപ്പോൾ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികൾ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|
| (എ) പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടപ്പെടാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടാതിരിക്കാനായി, നിലവിലുള്ള എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി നിബന്ധനകൾക്ക് വിധേയമായി 31.03.2013 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ചിട്ടുണ്ട്. ഓരോ തസ്തികകളിലുമുണ്ടാകുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് സർക്കാർ നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ വിഭാഗം ഉദ്യോഗാർത്ഥികളുടെയും പി.എസ്.സി വഴി അപേക്ഷിക്കുന്നതിനുള്ള, ഉയർന്ന പ്രായ പരിധി ഒരു വർഷം വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) 31.03.2012 ന് ശേഷം എത്ര പേർക്ക് പി.എസ്.സി നിയമനം നൽകിയിട്ടുണ്ട്; | (ബി) 31.03.2012 ന് ശേഷം 30.06.2012 വരെ 4110 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) ഇതുവരെയും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാത്ത ഒഴിവുകളിൽ അടിയന്തിരമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;<br>(ഡി) ഇതു സംബന്ധമായി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) യും (ഡി) യും<br>ഓരോ തസ്തികയിലേയും എല്ലാ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ അടിയന്തിരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ നിയമനാധികാരികളെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ